# ശ്രീ വാമനമൂർത്തി സഹായം

തിരുവിതാംകൂർ ദേവസ്വം ബോർഡ്



## സ്വാമി സന്ദീപ് ചൈതന്യ നയിക്കുന്ന

# അഷ്ടാവക്ര ഗീതാജ്ഞാന യജ്ഞം

**2010 ഫെബ്രുവരി 15 മുതൽ 24 വരെ**

**തിരുവോണം ആഡിറ്റോറിയം, തൃക്കാക്കര**

**സമയം: വൈകുന്നേരം 6 മണിമുതൽ 8 വരെ**

ശ്രീ വാമനമൂർത്തി സഹായം

## അഷ്ടാവക്ര ഗീതാജ്ഞാന യജ്ഞം

ധന്യാത്മൻ,

സ്വാമി സന്ദീപ്ചൈതന്യ നയിക്കുന്ന അഷ്ടാവക്ര ഗീതാജ്ഞാനയജ്ഞം, തൃക്കാക്കര തിരുവോണം ആഡിറ്റോറിയത്തിൽ 2010 ഫെബ്രുവരി 15 തിങ്കളാഴ്ച വൈകുന്നേരം 5.30ന് പത്മശ്രീ ഡോ. എം. ലീലാവതിയുടെ അദ്ധ്യക്ഷതയിൽ ഡോ. ഫിലിപ്പോസ് മാർക്രിസോസ്റ്റം മെത്രാപ്പൊലീത്തതിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

ആദ്ധ്യാത്മഗ്രന്ഥങ്ങളിൽ അനന്യമാണ് അഷ്ടാവക്രസംഹിത എന്ന അഷ്ടാവക്രഗീത. ഭഗവത്ഗീത ശ്രീകൃഷ്ണ അർജ്ജുന സംവാദ രൂപത്തിലെന്നപോലെ അഷ്ടാവക്രഗീത അഷ്ടാവക്ര ജനക സംവാദരൂപത്തിലാണ്.

അഷ്ടാവക്രൻ മഹാപണ്ഡിതനാണ്. ഗർഭസ്ഥ ശിശുവായിരിക്കുമ്പോൾ തന്നെ പ്രകടമായതാണ് അദ്ദേഹത്തിന്റെ പാണ്ഡിത്യം. അദ്ദേഹത്തിന്റെ മഹനീയോപദേശങ്ങളടങ്ങുന്ന പവിത്രവും പ്രാമാണികവുമായ ഈ സംഹിത ശ്രീരാമകൃഷ്ണപരമഹംസൻ തന്റെ പ്രിയശിഷ്യനായ നരേന്ദ്രനെ പ്രത്യേകം പഠിപ്പിച്ച ഒരു പുണ്യഗ്രന്ഥമാണ്. ഈ നരേന്ദ്രനാണ് സനാതനമതത്തേയും ഭാരതത്തേയും തന്റെ വാക്ധോരണികൊണ്ട് ലോകപ്രശസ്തമാക്കിയ സ്വാമി വിവേകാനന്ദൻ. ജ്ഞാനമുക്തി വൈരാഗ്യപ്രാപ്തിക്ക് പര്യാപ്തങ്ങളായ ഉപദേശങ്ങളാണ് ലളിതമായ ഭാഷയിൽ 20 അദ്ധ്യായങ്ങളിൽ 298 ശ്ലോകങ്ങളിലായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഫെബ്രുവരി 15 മുതൽ 24 വരെ എല്ലാദിവസവും വൈകുന്നേരം 6 മണി മുതൽ 8 മണിവരെയാണ് യജ്ഞം. ഈ മഹത്തായ പരിപാടി വിജയപ്രദമാക്കാൻ നിങ്ങളേവരുടേയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്

ശ്രീ വാമനമൂർത്തി സേവയിൽ

സെക്രട്ടറി,

തൃക്കാക്കര മഹാക്ഷേത്രോപദേശകസമിതി

ജനറൽ കൺവീനർ

ഗീതാജ്ഞാനസമിതി

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

ഗീതാജ്ഞാനയജ്ഞ സമിതി, തൃക്കാക്കര മഹാക്ഷേത്രം, എറണാകുളം

ഫോൺ: 9847045991 mail: geethagyanayagnasamithi@gmail.com

### അദ്ധ്യക്ഷ

**പത്മശ്രീ ഡോ. എം. ലീലാവതി**



സാഹിത്യ സാംസ്കാരികമണ്ഡലത്തിൽ അനന്യപ്രതിഭ തെളിയിച്ച നമ്മുടെ പ്രിയ ലീലാവതിടീച്ചർക്ക് പത്മശ്രീ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നമ്മുടെ ഇതിഹാസ പുരാണങ്ങളിൽ അവഗാഹമുള്ള ടീച്ചർ, ഇവയെല്ലാം നമ്മെ പരിചയപ്പെടുത്തികൊണ്ട് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

### ഉദ്ഘാടകൻ



**അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം**

**മാർത്തോമാ വലിയ മെത്രാപ്പൊലീത്ത**

അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയതിരുമേനി എന്ന് പ്രിയപ്പെട്ടവരുടെ ഇടയിൽ പ്രശസ്തനായ അദ്ദേഹം ഭാരതീയദർശനങ്ങളിൽ മഹാപണ്ഡിതനാണ്. തൃക്കാക്കര ക്ഷേത്രത്തിന്റെ മേൽശാന്തിയായിരുന്ന ഇടപ്പള്ളി രാജാവിന്റെ കുടുംബവുമായുള്ള പൂർവ്വികബന്ധം സുവിദിതമാണ്.



സ്വാമി സന്ദീപ് ചൈതന്യ - യജ്ഞാചാര്യൻ

ആഴമേറിയ സംസ്കൃതകൃതികളും ആചാര്യ സൂക്തങ്ങളും സാരാംശം ഒട്ടും ചോരാതെ ലളിതവും സരസവുമായി സ്വാമിജി നമുക്ക് പകർന്നുനൽകുന്നു. തത്വപ്രധാനം എന്നതുപോലെതന്നെ സാധാരണക്കാരന്റെ ദൈനംദിനജീവിതത്തിൽ അദ്ധ്യാത്മിക ദർശനങ്ങൾ എങ്ങിനെ പ്രായോഗികമാക്കാമെന്നതിനും ഉത്തമമായ വഴികാണിക്കലുകളാണ് സ്വാമിജിയുടെ പ്രഭാഷണങ്ങൾ. ഡൽഹി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ എന്നീ മഹാനഗരങ്ങളിലും അമേരിക്ക, ഇംഗ്ലണ്ട്, കാനഡ തുടങ്ങിയ വിദേശരാജ്യങ്ങളിലും നിരവധിതവണ പ്രഭാഷണ പര്യടനങ്ങൾ നടത്തിക്കഴിഞ്ഞു. ഗൾഫ് രാജ്യങ്ങളിൽ സമ്പൂർണ്ണ ഗീതാജ്ഞാനയജ്ഞം നടത്തുവാൻ ആദ്യമായി അവസരം ലഭിച്ചതും സ്വാമിജിക്കാണ്. ഭഗവദ്ഗീത, ഉപനിഷത്തുകൾ എന്നീ അടിസ്ഥാന ഗ്രന്ഥങ്ങൾക്കുപുറമെ ശങ്കരാചാര്യകൃതികൾ, ശ്രീനാരായണ ഗുരുദേവ കൃതികൾ, ഗോപികാഗീതം, ശ്രീരാമഗീത പോലുള്ള മറ്റ് ആദ്ധ്യാത്മിക കൃതികളും സ്വാമിജി തന്റെ വിപുലമായ ജ്ഞാനയജ്ഞ പര്യടനങ്ങളിൽ വിഷയമാക്കുന്നുണ്ട്.

നദികളെ പൂജിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന ആർഷ സംസ്കൃതിയെ കേരളത്തിന്റെ മണ്ണിൽ പുനർജീവിപ്പിക്കുന്നതിനായി 14 ജില്ല കളിലുമായി സ്വാമിജിനടത്തിയ ചതുർഗ്ഗകാരവിചാരയജ്ഞവും നദികളിലേക്കുള്ള തീർത്ഥ യാത്രകളും ആത്മീയമേഖലയ്ക്കുപുറത്തും ഏറെശ്രദ്ധയാകർഷിച്ച ഒന്നായിരുന്നു. യാതൊരുവേർതിരിവുകളും വിവേചനങ്ങളുമില്ലാതെ, ജാതിമത ലിംഗദേശഭേദമന്യേ ഭാരതീയ സംസ്കാരത്തിന്റെ ചൈതന്യം പ്രസരിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് കരമനയാറിന്റെ തീരത്തുള്ള കണ്ടമൺകടവ് ആസ്ഥാനമായ സാളഗ്രാമം ആശ്രമത്തിനും സ്കൂൾ ഓഫ് ഭഗവദ്ഗീത ട്രസ്റ്റിനും നേതൃത്വം നൽകുകയാണ് സ്വാമിജി ഇപ്പോൾ.

എല്ലാവരേയും ഒന്നിപ്പിച്ചുകൊണ്ട് മുഴുവൻ ലോകത്തിന്റേയും ക്ഷേമത്തിനായി സ്വാമിജി നടത്തിയ സേവനങ്ങൾക്കുള്ള അംഗീകാരമായി 2009 ഡിസംബറിൽ ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ലോക സർവ്വമത സമ്മേളനത്തിൽ ഹൈന്ദവ സംസ്കാരത്തിന്റെ പ്രതിനിധിയായി സ്വാമിജി ക്ഷണിക്കപ്പെട്ടു.

## കാര്യപരിപാടി

15/02/2010 തിങ്കൾ

| | | |
|---|---|---|
| വൈകുന്നേരം 5.30 | : | ഈശ്വരപ്രാർത്ഥന |
| സ്വാഗതം | : | സെക്രട്ടറി, T.M.A.C. |
| ഉദ്ഘാടനം | : | അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർക്രിസോസ്റ്റം മാർത്തോമാ വലിയ മെത്രാപ്പൊലീത്ത |
| അദ്ധ്യക്ഷപ്രസംഗം | : | പത്മശ്രീ ഡോ. എം. ലീലാവതി |
| കൃതജ്ഞത | : | കൺവീനർ, ഗീതാജ്ഞാനയജ്ഞസമിതി |
| മാഹാത്മ്യ പ്രഭാഷണം | : | സ്വാമി സന്ദീപ്ചൈതന്യ |

**15/02/2010 മുതൽ 24/02/2010 വരെ എല്ലാദിവസവും**

**വൈകുന്നേരം 6 മുതൽ 8 വരെ**

**അഷ്ടാവക്രഗീതാജ്ഞാനയജ്ഞം: സ്വാമി സന്ദീപ്ചൈതന്യ**

ഏവർക്കും സ്വാഗതം